## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മീനടം ഗ്രാമ പഞ്ചായത്ത് - പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിന് തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 960/2012/തസ്വഭവ തീയതി, തിരുവനന്തപുരം, 30-3-2012

---

പരാമർശം :-

1. മീനടം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 1-2-12-ലെ I (4) -ാം നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 29-2-12-ലെ സി2-5559/12-ാം നമ്പർ കത്ത്.

ഉത്തരവ്

കോട്ടയം ജില്ലയിലെ മീനടം ഗ്രാമപഞ്ചായത്തിൽ പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ മീനടം വില്ലേജ് ബ്ലോക്ക് നമ്പർ 38-ൽ സർവ്വേ നമ്പർ 384/20, 303/32 ൽപ്പെട്ട സ്ഥലത്തോട് ചേർന്ന് പടിഞ്ഞാറ് വശത്തായി ബ്ലോക്ക് നമ്പർ 38-ൽപ്പെട്ട 304/17, 304/18-1, 330/30 എന്നീ സർവ്വേ നമ്പരിൽപ്പെട്ട 19.25 ആർ സ്ഥലം അർജൻസി ക്ലോസിൽ ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് 15 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ആയതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം സർക്കാരിനോട് അപേക്ഷിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ മീനടം ഗ്രാമപഞ്ചായത്തിൽ പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ മേൽ സൂചിപ്പിച്ച സ്ഥലം ഏറ്റെടുക്കുന്നതിന് മീനടം പഞ്ചായത്ത് വകയിരുത്തിയ 15 ലക്ഷം രൂപ കോട്ടയം ജില്ലാകളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് മീനടം ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഏ.ആർ. സുരേശൻ,
ഡെപ്യൂട്ടി സെക്രട്ടറി.

**To**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മീനടം ഗ്രാമ പഞ്ചായത്ത്
ജില്ലാ കളക്ടർ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് & അക്കൗണ്ട്സ്, തിരുവനന്തപുരം
റവന്യൂ വകുപ്പ് (vide letter No. 15856/B3/12/Rev dated 14-3-12)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.